## 1010

*രീതി: ദൈവമക്കളെ നമ്മൾ*

വേഗം വന്നിടും യേശു ജീവനായകൻ
വീണ്ടെടുപ്പിൻ ഗാനം പാടി ആർത്തുഘോഷിപ്പിൻ

1 ദുഷ്ടലോകം ക്രൂശിലേറ്റിക്കൊന്നുവെങ്കിലും
പുഷ്ടമോദം പൂയിർത്തു മൂന്നാം നാളതിൽ
വീണ്ടെടുപ്പിൻ വേലപൂർത്തി ചെയ്തതോർത്തു ഹാ!
വീണ്ടെടുപ്പിൻ ഗാനം പാടി ആർത്തുഘോഷിപ്പിൻ-

2 വാട്ടമേശിടാത്ത നിത്യനാട്ടിലുന്നതൻ
വീണ്ടെടുക്കപ്പെട്ട ദൈവമക്കൾക്കായിതാ
വീടൊരുക്കി വീണ്ടും വന്നു ചേർക്കും നിശ്ചയം
വീണ്ടെടുപ്പിൻ ഗാനം പാടി ആർത്തുഘോഷിപ്പിൻ-

3 ശോകം, രോഗം, യുദ്ധം, മൃത്യു, ക്ഷാമം കാരണം
ലോകമിന്നു ഭീതിപൂണ്ടു ഞെട്ടിടുന്നിതാ
ലോകനാഥൻ ചൊന്ന വചനമോർത്തു നിത്യവും
വീണ്ടെടുപ്പിൻ ഗാനം പാടി ആർത്തുഘോഷിപ്പിൻ-

4 അത്തിവൃക്ഷം നവ്യനാമ്പുമിട്ടു വേനലായ്
അന്ത്യനാളിൻ ലക്ഷണങ്ങൾ വ്യാപരിക്കായ്
മന്ദതയകന്നുണർന്നു ദിവ്യശക്തിയിൽ
വീണ്ടെടുപ്പിൻ ഗാനം പാടി ആർത്തുഘോഷിപ്പിൻ- **G.P**